## പതിമൂന്നാം കേരള നിയമസഭ
### പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3709   30/01/2014 ൽ മറുപടിയ്ക്ക്**

**വനം വകുപ്പിൽ പുതിയ തസ്തികകൾ**

**ചോദ്യം**
ശ്രീ. കെ.അജിത്

**മറുപടി**
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വനം വകുപ്പിൽ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(എ) ഈ സർക്കാർ ആധികാരത്തിൽ വന്നതിന് ശേഷം വനം വകുപ്പിൽ പുതുതായി 886 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) പുതിയതായി സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ വനസംരക്ഷണവിഭാഗം ജീവനക്കാരുടെ എത്ര തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളതെന്നും ആയത് ഏത് വിഭാഗത്തിൽ നിന്നും എത്ര തസ്തികകൾ വീതമെന്നും വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വനസംരക്ഷണവിഭാഗം ജീവനക്കാരുടെ 865 തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. തസ്തിക തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നം. | തസ്തിക | എണ്ണം |
|---|---|---|
| 1 | ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | 12 |
| 2 | സെക്ഷൻ ഫോറസ്റ്റ് ഓഫീസർ | 29 |
| 3 | ബീറ്റ് ഫോറസ്റ്റ് ഓഫീസർ | 124 |
| 4 | ട്രൈബൽ വാച്ചർ | 700 |
| | ആകെ | 865 |

| | |
|---|---|
| സി) വന സംരക്ഷണ വിഭാഗം ജീവനക്കാരുടെ കൂടുതൽ തസ്തികകൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | സി) & ഡി) വന സംരക്ഷണത്തിനായി ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കാനുള്ള ശുപാർശ പരിഗണന യിലാണ്. |
| ഡി) മാവോയിസ്റ്റ് സാന്നിദ്ധ്യവും മറ്റും കണ്ടെത്തിയിരിക്കുന്ന സാഹചര്യത്തിൽ അത്തരം മേഖലകളിൽ കൂടുതൽ സംരക്ഷണവിഭാഗം ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ